# Deepika

## 25 August 2018

## Kochi; Flood, Waste management

# മാലിന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുമെന്നു മന്ത്രി

**കൊച്ചി:** പ്രളയത്തിൽ ചത്ത മൃഗങ്ങളുടെ അവശിഷ്ടങ്ങളും വസ്ത്രാവശിഷ്ടങ്ങളും വീടുകളിൽനിന്നും നിരത്തുകളിൽനിന്നും നീക്കം ചെയ്യുന്ന മറ്റു മാലിന്യങ്ങളും അടിയന്തരമായി ശാസ്ത്രീയമായി സംസ്കരിക്കുമെന്നു മന്ത്രി എ.സി മൊയ്തീൻ.

വീടുകൾ പൂർണമായും തകർന്നതിനാൽ ക്യാമ്പുകളിൽ തുടരുന്നവർക്കു സ്കൂളുകൾ തുറക്കുമ്പോൾ താമസയോഗ്യമായ മറ്റുസ്ഥലങ്ങൾ ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ കണ്ടെത്തണമെന്നും മാലിന്യസംസ്കരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ പഞ്ചായത്തുകളുമായി ചേർന്നു നിർവഹിക്കണമെന്നും മന്ത്രി നിർദേശം നൽകി. കണയന്നൂർ താലൂക്കിൽ ചേർന്ന അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു മന്ത്രി. ദുരിതാശ്വാസ ക്യാമ്പുകളിൽനിന്നു ജനങ്ങൾ വീടുകളിലേക്കു മടങ്ങിത്തുടങ്ങിയ സാഹചര്യത്തിൽ പുനരുദ്ധാരണപ്രവർത്തനങ്ങൾക്ക് ഇനി കൂടുതൽ മുൻഗണന നൽകണം. സന്നദ്ധ സംഘടനകളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ ശുചീകരണപ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. വൈദ്യുതി വിതരണം പുന:സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങളും പുരോഗമിക്കുന്നു.

ദുരിതാശ്വാസ ക്യാമ്പുകളിൽനിന്നു വീടുകളിലേക്കു മടങ്ങിയവർക്ക് അഞ്ചു കിലോ അരി ഉൾപ്പെടെ അവശ്യസാധനങ്ങളടങ്ങിയ ഒരു ലക്ഷത്തോളം കിറ്റുകൾ ജില്ലയിൽ വിതരണം ചെയ്യുമെന്നും മന്ത്രി പറഞ്ഞു.

## പ്രളയദുരന്ത ബാധിതർക്കു കൗൺസിലിംഗ്

പ്രളയത്തിന്റെ ആഘാതത്തിൽനിന്നു മുക്തരാകാത്തവർക്ക് ആരോഗ്യവകുപ്പിന്റെയും മറ്റു സന്നദ്ധസംഘടനകളുടെയും നേതൃത്വത്തിൽ കൗൺസിലിംഗ് നൽകും. നിലവിൽ ആരോഗ്യവകുപ്പ് ഉൾപ്പെടെയുള്ളവർക്ക് ജീവനക്കാരുടെ കുറവുണ്ടെങ്കിൽ അടിയന്തരമായി താൽക്കാലിക അടിസ്ഥാനത്തിൽ നിയോഗിക്കാം.

## കുമ്മായം, ബ്ലീച്ചിംഗ് പൗഡർ പഞ്ചായത്തുകൾ നല്കണം

ശുചീകരണ പ്രവർത്തനങ്ങൾക്കു കുമ്മായം, ബ്ലീച്ചിംഗ് പൗഡർ പോലുള്ളവ ലഭ്യമല്ലെങ്കിൽ പഞ്ചായത്തുകൾ വില കൊടുത്തുവാങ്ങണം. അടിയന്തരസാഹചര്യം കണക്കിലെടുത്തു സ്വന്തം ഫണ്ടിൽനിന്നോ ദീർഘകാല പദ്ധതികൾക്കായി നീക്കിവച്ചിട്ടുള്ള ഫണ്ടിൽ നിന്നോ തുക ചെലവഴിക്കാം. ശുചീകരണപ്രവർത്തനങ്ങൾക്കു തൊഴിലുറപ്പ് തൊഴിലാളികളുടെ തൊഴിൽ ഉപകരണങ്ങളും അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതിയും ഉപയോഗപ്പെടുത്താം.

## ഇ-വേസ്റ്റ്, പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിക്കണം

ഇ-വേസ്റ്റ്, പ്ലാസ്റ്റിക് മാലിന്യങ്ങൾ അതാതു പഞ്ചായത്തുകളിൽ പ്രത്യേകമായി ശേഖരിച്ചുവയ്ക്കണം. ശുചിത്വമിഷൻ ഇവ നീക്കം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കും. ക്യാമ്പുകളിൽ താമസിക്കുന്നവർക്കു സാധനങ്ങൾ എത്തിച്ചുനൽകുന്നവർ സ്റ്റീൽ പാത്രങ്ങളും ഗ്ലാസുകളും ലഭ്യമാക്കുകയാണെങ്കിൽ ഉപകാരപ്രദമാകുമെന്നും മന്ത്രി പറഞ്ഞു.

## കുടിവെള്ളം വാഹനത്തിൽ

ജനങ്ങൾ വീടുകളിലേക്കു തിരിച്ചെത്തിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കുടിവെള്ളം അടിയന്തരമായി ടാങ്കർ ലോറികളിലും ചെറുവണ്ടികളിലും എത്തിക്കണം. പഞ്ചായത്തുകളുടെ സഹകരണത്തോടെയാകണം ജല അഥോറിറ്റിയാണ് ഇതു ചെയ്യേണ്ടത്. ആവശ്യമായ വാഹനങ്ങൾ ലഭ്യമല്ലെങ്കിൽ മോട്ടോർ വാഹനവകുപ്പ് ലഭ്യമാക്കണം. ഒറ്റപ്പെട്ടുപോയ ചെറിയ കടമക്കുടി, പിഴല ദ്വീപുകളിൽ ബോട്ടുകളിൽ കുടിവെള്ളമെത്തിക്കും. ക്യാമ്പുകളിൽ മെഡിക്കൽ വിഭാഗം ആവശ്യമായ ചികിത്സകൾ ലഭ്യമാക്കുന്നുണ്ട്. നിലവിൽ രണ്ടു ക്യാമ്പുകളിൽ ചിക്കൻപോക്സ് റിപ്പോർട്ട് ചെയ്തിട്ടുള്ള സാഹചര്യത്തിൽ ഇവരെ പ്രത്യേക ക്യാമ്പുകളിലേക്കു മാറ്റി. ക്യാമ്പിലുള്ളവർക്കു പ്രതിരോധമരുന്നും വിതരണം ചെയ്യും.